SEP 25 1980
3038

COCHIN LEGISLATIVE COUNCIL

Tuesday, *the* 29th *of April* 1930.
17th *of Medam* 1105.

The House met at Half past Eleven of the Clock with the President in the Chair. Messrs. I. E. Ambooken, S.S. Koder, K. T. Mathew and K. Ramunni Menon were absent.

Questions and Answers.

Line boats from Cochin to Kottappuram.

335. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയുവാൻ ദയവുണ്ടാകുമൊ.—

കൊച്ചിയിൽ നിന്നു കോട്ടപ്പുറത്തേക്കു ഓടുന്ന ലയിൻബോട്ടുകൾ സാധാരണയായി വേനൽകാലങ്ങളിൽ ഉറച്ചിരുന്നുപോകുന്നതായും അതുനിമിത്തം യാത്രക്കാക്കു വലിയ അസൌകര്യങ്ങളും ബുദ്ധിമുട്ടുകളും നേരിടുന്നതായും ഗവ മെണ്ടിനു അറിയാൻ കഴിഞ്ഞിട്ടുണ്ടൊ ;

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—കൊച്ചിയിൽ നിന്നു കോട്ടപ്പുറത്തേക്കു ബോട്ടുകൾ ഉറക്കാതെ കൊണ്ടുപോകുവാനായിട്ട് ചാലുകൾ ഉണ്ടെന്നാണ് ഗവമ്മെണ്ടു അപേക്ഷിച്ചതിൽ അറിയുന്നതു.

Anchal service between Cranganur and Chennamangalam.

336. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ചേന്ദമംഗലത്തുനിന്നു കൊടുങ്ങല്ലൂക്കു ഒരു കത്തെഴുതി അഞ്ചൽമാസ്റ്റർ അയച്ചാൽ എത്തെല്ലാം അഞ്ചലാഫീസുകളെ ആ കത്തു സന്ദർശിക്കേണ്ടിയിരിക്കുന്നുവെന്നും അതു കൊടുങ്ങല്ലൂരിൽ എത്തിച്ചേരുവാൻ എത്ര ദിവസത്തെ താമസം വേണ്ടിവരുമെന്നും പറയാമൊ ;

(b) കൊടുങ്ങല്ലൂർ അഞ്ചലാഫീസ്സിൽ നിന്നു ചേന്ദമംഗലം അഞ്ചലാഫീസ്സിലേക്കു എത്ര നാഴിക അകലമുണ്ട് ?

രാമവർമ്മ തമ്പുരാൻ.—(a) ചോദ്യത്തിന്റെ ആദ്യത്തെ ഭാഗം—അയ്യമ്പിള്ളി, ഞാറക്കൽ, എറണാകുളം, ഇരിങ്ങാലക്കുട എന്നീ ആഫീസ്സുകൾ.

രണ്ടാം ഭാഗം—ചേന്ദമംഗലത്തുനിന്നും അയ്യമ്പിള്ളിക്കുള്ള മെയിൽ അയച്ചുവരുന്നതു കാലത്തു ൭മണി ൫മിനിട്ടിനാകുന്നു. ആ മെയിൽ അയക്കുന്ന ദിവസം പിറ്റെ ദിവസം കാലത്തു ൧൦മണി ൪൦മിനിട്ടിനു കൊടുങ്ങല്ലൂർ എത്തുന്നതാകുന്നു.

(b) ൫ നാഴിക ൫ ഫർലോങ്ങ്.

Article in the 'Aikyom' paper about a beat constable.

337. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) "ഐക്യം" നാം പ്രസ്താവം നടത്തിയ ലക്കത്തിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന ഒരു ബീറ്റുപോലീസുകാ

LIBRARY ARCHIVES Kerala Legislative Assembly

രന്റെ അക്രമം എന്ന ലേഖനം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ അന്വേഷണം നടത്തിയൊ;

(c) അക്കാര്യം എങ്ങിനെ തീരുമാനിച്ചുവെന്നു പറയാമൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(a) ഉവ്വ്.

(b) ഉവ്വ്.

(c) പത്രത്തിൽ പറഞ്ഞിരിക്കുന്ന സംഗതികൾ വാസ്തവമല്ലെന്നു കണ്ടു.

Closing of shops, hotels etc., in Ernakulam and Mattancheri.

338. **Mr. K. Ayyappan.**—Will the Government be pleased to answer the following questions:—

(1) are the Government aware that the Police have compelled all shops, hotels and tea-shops in Mattancheri and Ernakulam to be closed for three days consecutively in connection with the lamented demise of Her Highness the Valia Amma Raja;

(2) have the Government issued any order either to the Magistrates of Mattancheri and Ernakulam or the Police authorities for closing shops, hotels and tea-shops;

(3) if the Government have not issued any such order, who authorised the Police to compel shops, hotels and tea-shops to be closed;

(4) had the Government Order in the Extraordinary Gazette published in connection with the demise contemplated the action of the Police referred to;

(5) are the Government aware that the poor labourers daily purchase their articles of food?

Mr. P. Nilakanta Menon.—(1) No.

(2) No.

(5) No answer is necessary in view of the answers to (1) and (2).

(4) No.

(5) Yes.

339. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) വലിയമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുപ്പെട്ടതു പ്രമാണിച്ചു് ജനവരി ൩൦, ൩൧, ഫെബ്രുവരി ൧, എന്നീ തീയ്യതികളിൽ കച്ചവടസ്ഥലങ്ങൾ പൂട്ടിക്കുവാൻ ഗവമ്മെണ്ടു പോലീസ് ഉദ്യോഗസ്ഥന്മാർക്കു കല്പന കൊടുക്കുകയുണ്ടായൊ;

(b) അങ്ങിനെ ചെയ്യുവെങ്കിൽ ആ വിവരം അസാധാരണ ഗസറ്റിൽ കാണാതിരിപ്പാൻ കാരണം പറയുമൊ;

(c) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ചു കൊച്ചി, എറണാകുളം എന്നീ പ്രധാന പട്ടണങ്ങളിലും പ്രസ്തുത ദിവസങ്ങളിൽ പോലീസുദ്യോഗസ്ഥന്മാർ നിർബ്ബന്ധിച്ചു കച്ചവടസ്ഥലങ്ങൾ പൂട്ടിച്ചതായും പൊതുജനങ്ങൾക്കു ക്രമത്തിലധികം ബുദ്ധിമുട്ടുകളും ഉപദ്രവങ്ങളും നേരിട്ടതായും ഗവമ്മെണ്ടിന്നറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly